LIBRARY ARCHIVES Kerala Legislative Assembly

പൊന്തൻപുഴ-വലിയകാവ് വനമേഖലയിലെ വനവിഭവങ്ങളും വനത്തിലേക്കു വെട്ടിയ വഴിയും

116 [1250] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന പൊന്തൻപുഴ-വലിയകാവ് വനമേഖലയിലെ വനോൽപ്പന്നങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിഭവങ്ങൾക്ക് മരമുൾപ്പെടെ എന്തു വില വരും;

(സി) ഈ വനമേഖലയിൽ എത്ര കുടുംബങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) വനത്തിലേയ്ക്ക് സ്വകാര്യവ്യക്തികൾ വഴി വെട്ടിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ഇ) വഴി വെട്ടുന്നതിന് അനുവാദം വാങ്ങിയിരുന്നോ എന്നും എന്തിനു വേണ്ടിയാണ് ഈ വഴി വെട്ടിയത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതിദത്ത വനങ്ങളിൽ സാധാരണ കാണപ്പെടുന്ന ഈട്ടി, തേക്ക്, തേമ്പാവ്, മരുതി, കുളമാവ്, മുള്ളുവേങ്ങ, മഹാഗണി, ആഞ്ഞിലി, പ്ലാവ്, പുളി, മണിമരുത്, വെന്തേക്ക്, മരോട്ടി, വെട്ടി, ഇലവ്, ചീനി തുടങ്ങിയ വൃക്ഷ ഇനങ്ങളും, ജന്തുക്കളും, ഔഷധ സസ്യങ്ങളും കൂടാതെ തേൻ, ഈറ്റ, മുള തുടങ്ങിയവും ഇവിടെ ലഭ്യമാണ്.

(ബി) കൃത്യമായ വില തിട്ടപ്പെടുത്തിയിട്ടില്ല. ഏകദേശം 90 കോടി രൂപയോളം വില വരും.

(സി) 1114 കുടുംബങ്ങൾ ഉണ്ട്.

(ഡി) ഇല്ല.

(ഇ) (ഡി)-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

തിരുവനന്തപുരം ജില്ലയിലെ ഫോറസ്റ്റ്ഗാർഡ് നിയമനം

117 [1251] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-5-2000-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ലയിലെ ഫോറസ്റ്റ്ഗാർഡ് റാങ്ക്ലിസ്റ്റിൽ നിന്നും പി.എസ്.സി. വഴി നാളിതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന അല്ലാതെ ജില്ലാന്തര സ്ഥലംമാറ്റം നൽകിയും മറ്റു രീതികളിലും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള റാങ്ക്‌ലിസ്റ്റ് വന്നതിനുശേഷം എത്ര ആദിവാസികളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വനനശീകരണം, വനംകൊള്ള മുതലായവ തടയുന്നതിന്റെ ഭാഗമായി കൂടുതൽ വനപാലകരെ നിയമിക്കുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ ഫോറസ്റ്റ്ഗാർഡുകളുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(എഫ്) ഈ തസ്തികയിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 36 പേരെ.

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ അപ്രകാരം നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) 15 പേരെ.

(ഡി) തൽക്കാലം ഉദ്ദേശമില്ല.

(ഇ) ഒഴിവുകളൊന്നും നിലവിലില്ല.

(എഫ്) ഉത്തരം 'ഇ'-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഫോറസ്റ്റർ നിയമനത്തിനുള്ള റാങ്ക്‌ലിസ്റ്റ്

118 [1252] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിൽ വനംവകുപ്പിലെ ഫോറസ്റ്റർ നിയമനത്തിലുള്ള റാങ്ക്‌ലിസ്റ്റ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റാങ്ക്‌ലിസ്റ്റ് ഇല്ലാത്ത ജില്ലകളിൽ ഫോറസ്റ്റ്ഗാർഡുമാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് ഒഴിവു വരുന്ന തസ്തികകളുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അർഹതപ്പെട്ട പത്തു ശതമാനം തസ്തികകൾ ഒഴിവാക്കിയാണോ പ്രസ്തുത പ്രമോഷനുകൾ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly